**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - വകുപ്പുതലപരീക്ഷ - പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിർബന്ധമായും പാസ്സാകേണ്ട വകുപ്പുതലപരീക്ഷകൾക്ക് ഒരു തവണ മാത്രം ഫ്രീ ചാൻസ് (Free Chance) അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി)വകുപ്പ്**

ജി ഒ (എം എസ്) നം. 7/2023/ പി & എ ആർ ഡി തിരുവനന്തപുരം, തീയതി : 29.03.2023

================================================================================

പരാമർശം:- 1 06.11.1968 തീയതിയിലെ ജി ഒ (എം എസ്) നം. 336/68/പി.ഡി. നമ്പർ സർക്കാർ ഉത്തരവ്.

2 04.06.1976 തീയതിയിലെ ജി ഒ (എം എസ്) നം. 166/76/പി.ഡി. നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർക്കാർ ജീവനക്കാർക്ക് വകുപ്പുതലപരീക്ഷ എഴുതുന്നതിനു പരാമർശത്തിലെ 1, 2 ഉത്തരവുകൾ പ്രകാരം ഫ്രീ ചാൻസ് (Free chance) അനുവദിച്ചു വരുന്നുണ്ട്.

2. സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഈ ആനുകൂല്യം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ സർക്കാരിന് ലഭിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കൂടി നിർബ്ബന്ധമായും പാസ്സാകേണ്ട വകുപ്പുതലപരീക്ഷകൾ എഴുതുന്നതിന് ഒരു തവണ മാത്രം ഫ്രീ ചാൻസ് (Free chance) അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

രാജീവൻ എ. പി.

ജോയിന്റ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും(ഇ-ഓഫീസ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും എം.ഡി.മാർക്കും/സി.ഇ.ഒ.മാർക്കും.

ആസൂത്രണവും സാമ്പത്തികകാര്യവും (ബി.പി.ഇ.) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.(ഇ-ഓഫീസ് മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ